**ഭരണ ഭാഷ - മാതൃ ഭാഷ**

MSK/2748/22

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 04-04-2022
ഇ -മെയിൽ: directorate.wcd@kerala.gov.in
ഫോൺ നമ്പർ : 0471-2346534

വനിത ശിശു വികസന ഡയറക്ടർ.

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

സർ,

വിഷയം: സംസ്ഥാനത്തെ സ്കൂൾ കൗൺസിലർമാർക്ക് ശൈശവ വിവാഹത്തിന്റെ ദൂഷ്യ വശങ്ങളെപ്പറ്റി ഓൺലൈൻ അവബോധന പരിപാടി നടത്തുന്നത് സംബന്ധിച്ച്.

സൂചന:

പെൺകുട്ടികളുടെ ഉന്നമനത്തിനും ശാക്തീകരണത്തിനും ശൈശവ വിവാഹങ്ങൾ സമൂഹത്തിൽ നിന്നും പൂർണ്ണമായും തുടച്ചു മാറ്റേണ്ടതുണ്ട്. ശൈശവ വിവാഹങ്ങൾ കുട്ടികളുടെ അവകാശങ്ങൾക്ക് മേലുള്ള കടന്നുകയറ്റമാണെന്നും, പ്രായപൂർത്തിയാകുന്നതിനു മുൻപുള്ള ഇത്തരം വിവാഹങ്ങൾ കുട്ടികളുടെ ശാരീരികവും, മാനസികവുമായിട്ടുള്ള വളർച്ചയേയും വികാസത്തേയും തടസ്സപ്പെടുത്തുന്നു എന്ന വസ്തുതയും മനസ്സിലാക്കിക്കൊണ്ട് ശൈശവ വിവാഹം തടയുന്നതിനായുള്ള പുതിയ കർമ്മ പരിപാടികൾ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നടപ്പിലാക്കേണ്ടതുണ്ട്.

ആയതിനാൽ സംസ്ഥാനത്തെ എല്ലാ സ്കൂൾ കൗൺസിലർമാർക്കും ശൈശവ വിവാഹത്തിന്റെ വിവിധങ്ങളായ ദൂഷ്യ വശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും, ഇതുമായി ബന്ധപ്പെട്ട് പെൺകുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി ഓൺലൈൻ പരിശീലന പരിപാടി ഏപ്രിൽ 7 ന് രാവിലെ നടത്തുവാൻ നിശ്ചയിച്ചിരുന്നു .

എന്നാൽ അന്നേ ദിവസം സ്കൂൾ കൗൺസിലർമാർക്ക് പങ്കെടുക്കാൻ അസൗകര്യം ഉണ്ടെന്ന് അറിയിച്ചതിനാൽ പ്രസ്തുത പരിപാടി **2022 ഏപ്രിൽ 11 ന് രാവിലെ 10.30 മുതൽ 12.30** വരെയാണ് ക്രമീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തെ എല്ലാ സ്കൂൾ കൗൺസിലർമാരും പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് ആവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്. 2 മണിക്കൂർ ദൈർഘ്യമുള്ള പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക് ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി.

പകർപ്പ്: എല്ലാ CDPO മാർക്കും